# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 367 — 11-06-2013-ൽ മറുപടിക്ക്

## വൈദ്യുതി ചാർജ്ജ് വർദ്ധനവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | ശ്രീ. ആര്യാടൻ മുഹമ്മദ്. (ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) |
| (എ) ഈ സർക്കാർ അധികാരത്തിൽവന്നതിന് ശേഷം ഇലക് ട്രി സിറ്റി ബോർഡ് എത്ര തവണ വൈദ്യുതി ചാർജ് വർദ്ധിപ്പിക്കുകയുണ്ടായി ; | (എ) സംസ്ഥാനത്ത് വൈദ്യുതി നിരക്ക് വർദ്ധിപ്പിക്കുന്നതിനുള്ള പരിപൂർണ്ണ അധികാരം 2003 ലെ വൈദ്യുതി ആക്ടിലെ വ്യവസ്ഥകൾ അനുസരിച്ച് സംസ്ഥാന റെഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാ വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ രണ്ടു പ്രാവശ്യം, വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതു കൂടാതെ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി കണക്കിലെടുത്ത് 2012 ഏപ്രിൽ, മെയ് മാസങ്ങളിൽ ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്താനും നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും 10 രൂപ നിരക്കിൽ ചാർജ്ജ് ഈടാക്കുവാനും അനുവദിച്ചിട്ടുണ്ട്. എന്നാൽ 2012 ജൂൺ മുതൽ ഇതൊഴിവാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനു പുറമേ 2012 ഡിസംബർ 15 -ാം തീയതി മുതൽ 2013 മെയ് വരെയുള്ള കാലയളവിൽ സംസ്ഥാനത്തെ രൂക്ഷമായ വൈദ്യുതി പ്രതിസന്ധി |

കണക്കിലെടുത്ത് ഉപഭോക്താക്കളുടെ മേൽ വൈദ്യുതി നിയന്ത്രണം ഏർപ്പെടുത്തുകയും പ്രസ്തുത നിയന്ത്രണത്തിനു മുകളിൽ കൂടുതലായി ഉപയോഗിക്കുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും അതാതു വിഭാഗത്തിനുള്ള എനർജി ചാർജ്ജ് നിലവിലെ നിരക്കിനു പുറമേ പെനാൽറ്റി ആയി ഈടാക്കുവാനും സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നിയന്ത്രണം 2013 ജൂൺ 1 മുതൽ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഓരോ തവണയും ശരാശരി എത്ര ശതമാനം ചാർജ് വർദ്ധനവ് ഏർപ്പെടുത്തുകയുണ്ടായി ;

(ബി) സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ അംഗീകരിച്ച് 2012 ജൂലൈ ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിലൂടെ ഏകദേശം 25% മുതൽ 30% വരെ വൈദ്യുതി ചാർജ്ജ് വർദ്ധനവും 2013 മെയ് ഒന്നാം തീയതി മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിലൂടെ ഏകദേശം 7 % മുതൽ 9.7 ശതമാനം വരെ വൈദ്യുതി ചാർജ്ജ് വർദ്ധനവും ഏർപ്പെടുത്തുകയുണ്ടായിട്ടുണ്ട്

(സി) : ഓരോ തവണയും ചാർജ് വർദ്ധനയിലൂടെ അധികമായി ശേഖരിക്കാൻ ഉദ്ദേശിച്ചവരുമാനം എത്രയായിരുന്നു ;

(സി) 2012 ജൂലൈ ഒന്നാം തീയതി പ്രാബല്യത്തിൽ വന്ന താരിഫ് വർദ്ധനവിലൂടെ പ്രതിമാസം ഏകദേശം 140 കോടി രൂപയും 2013 മെയ് മുതലുള്ള താരിഫ് വർദ്ധനവിലൂടെ പ്രതിമാസം ഏകദേശം 53.5 കോടി രൂപയും അധികമായി ശേഖരിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്

(ഡി) ഈ സർക്കാർ അധികാരത്തിൽ വരുന്ന ദിവസം വൈദ്യുതി ബോർഡിന്റെ വൈദ്യുതി നിരക്ക് ഓരോ സ്ലാബിലും എത്ര വീതമായിരുന്നു ; ഇപ്പോഴത്തെ നിരക്ക് എത്രയാണ് ; ഓരോ സ്ലാബിലും ഇപ്പോൾ പഴയതിന്റെ എത്ര ശതമാനം വർദ്ധന

(ഡി) പ്രസ്തുത വിശദാംശങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു. സ്ലാബ് നിരക്കിലുള്ള ശതമാനത്തിന്റെ വർദ്ധന അനുബന്ധം-2 ആയി കൊടുത്തിരിക്കുന്നു.

യുണ്ടായി ;

| | |
|---|---|
| (ഇ) റഗുലേറ്ററി കമ്മീഷൻ മുമ്പാകെ ഏറ്റവും ഒടുവിൽ ബോർഡ് സമർപ്പിച്ച നിവേദനത്തിൽ ചാർജ് വർദ്ധനവ് എത്ര ശതമാനം ആ വ ശ്യപ്പെട്ടിട്ടുണ്ട് ? | (ഇ) സംസ്ഥാന വൈദ്യുതി ബോർഡ് 2013 ജനുവരിയിൽ സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിവേദനത്തിൽ ഏകദേശം 20 ശതമാനത്തോളം താരിഫ് വർദ്ധനവാണ് ആവശ്യപ്പെട്ടിരുന്നത്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**